പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 195

26/02/2018-ൽ മറുപടിക്ക്

## കുഞ്ഞുങ്ങളുടെ ഇടയിൽ ടൈപ്പ് വൺ പ്രമേഹം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോജി എം. ജോൺ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് കുഞ്ഞുങ്ങളുടെ ഇടയിൽ ടൈപ്പ് വൺ പ്രമേഹം വർദ്ധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | എ) | ടൈപ്പ് വൺ ഡയബറ്റിസ് ജനിതക കാരണങ്ങളാൽ ഉണ്ടാകുന്ന രോഗമാണ്. ഇതിന് ജീവിതശൈലിയുമായോ ബാഹ്യഹേതുക്കളുമായോ ബന്ധമില്ലാത്തതും ജന്മനാ കാണുന്നതുമായ രോഗമാണ്. സംസ്ഥാനത്ത് ടൈപ്പ് വൺ പ്രമേഹം ബാധിച്ച കുട്ടികളുടെ പൂർണ്ണമായ കണക്കുകൾ ലഭ്യമല്ല. 2017-18 സാമ്പത്തിക വർഷം ആരോഗ്യ വകുപ്പ് ജീവിതശൈലി രോഗ പദ്ധതിയിലൂടെ ടൈപ്പ് വൺ രോഗികളുടെ കണക്ക് ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. |
| ബി) | ടൈപ്പ് വൺ പ്രമേഹബാധിതരായ കുട്ടികൾക്കായി മിഠായി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | ബി) | ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്കായി 'മിഠായി' എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് 'മിഠായി'. ടി പദ്ധതി ജുവനൈൽ പ്രമേഹരോഗം (ടൈപ്പ് 1) ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകാനാണ് ലക്ഷ്യമിടുന്നത്. പ്രധാനമായും 5 മുതൽ 15 വയസ്സുവരെയുള്ള കുട്ടികളെയാണ് ടി രോഗം ബാധിക്കുന്നത്. ഈ രോഗത്തിന്റെ എല്ലാ സങ്കീർണ്ണതകളോടും കൂടി രോഗബാധിതർക്ക് ജീവിക്കേണ്ട അവസ്ഥയോടൊപ്പം മുതിർന്നവരിൽ കാണുന്ന ടൈപ്പ് 2 ഡയബറ്റിസിന്റെ ചികിത്സയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കൂടുതൽ സങ്കീർണ്ണവും വ്യത്യസ്തവുമാണ്. ടി പദ്ധതിയിലൂടെ കുട്ടികൾക്ക് ഗ്ലൈക്കോ മീറ്ററും ഇൻസുലിൻ പമ്പും നൽകി ആധുനിക രീതിയിലുള്ള പ്രമേഹ ചികിത്സ സൗജന്യമായി നൽകാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി പ്രകാരം സർക്കാരിന്റെ ആനുകൂല്യം ലഭിക്കുന്നതിന് വാർഷിക വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ; ടി രോഗത്തിന്റെ ചികിത്സാചെലവ് കുടുംബ ബഡ്ജറ്റിനെ താളം തെറ്റിക്കുന്ന ഒന്നാകയാൽ നിലവിലുള്ള വാർഷിക വരുമാന പരിധി അഞ്ചുലക്ഷമായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ? | സി) | 'മിഠായി' പദ്ധതി പ്രകാരം സർക്കാരിന്റെ ആനുകൂല്യം ലഭിക്കുന്നതിന് വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്. അത് അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ താഴെയാണ്. രണ്ട് ലക്ഷം രൂപാ വരുമാനപരിധിയിലുള്ള കുട്ടികളെയാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ